പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4985 — 30.06.2014-ൽ മറുപടിയ്ക്ക്

## റേഡിയോഗ്രാഫർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

| ചോദ്യം<br>പ്രൊഫ. സി രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | റേഡിയോഗ്രാഫർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വിശദമാക്കമോ; | (എ), (ബി) & (സി) | ഉണ്ട്. ആരോഗ്യ വകുപ്പിലെ റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഒരു യോഗ്യത, B.Sc (MRT) Medical Radiological Technology – Degree or its equivalent from a recognized University and approved by Para Medical Council, Government of Kerala and Atomic Energy Regulatory Board എന്നാണ്. ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ B.Sc (MRT) Degree Certificate-ന്റെ അടിസ്ഥാനത്തിൽ അവരെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകൾ നൽകിയിട്ടുള്ള ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ പ്രസ്തുത കോഴ്സിന് പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. B.Sc (MRT) യോഗ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലവിലുണ്ട്. |
| (ബി) | പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങളിൽ പഠിച്ച ഉദ്യോഗാർത്ഥികളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുമോ? | | |

സെക്ഷൻ ഓഫീസർ